<u>പത്രക്കുറിപ്പ്</u>

# ബിഷപ്പ് ഹൗസിലെ വികാരി എന്ന വ്യാജേന യുവതിയുടെ വീട്ടിൽ കയറി സ്വർണ്ണാഭരണം പിടിച്ചുപറിച്ച പ്രതി പിടിയിൽ

## വിലക്ക് ലംഘനം: 51 പേർക്കെതിരെ നിയമനടപടി 12,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം :- ബിഷപ്പ് ഹൗസിലെ വികാരി എന്ന വ്യാജേന കഴക്കൂട്ടം പുളിയംകോടുള്ള യുവതിയുടെ വീട്ടിൽ ചെന്ന് സ്വർണ്ണ ബ്രെയ്സ്‌ലെറ്റ് പിടിച്ച് പറിച്ചെടുത്ത് കടന്നു കളഞ്ഞ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കാഞ്ഞിരംകുളം വില്ലേജിൽ ചാണി പണ്ടാരവിള കനാൽ കോട്ടേജിൽ ഷിബു.എസ്.നായർ (42)-നെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്.



കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത ഷിബു.എസ്.നായർ (42)

കഴിഞ്ഞ 4-ആം തീയതിയാണ് കേസ്സിനാസ്പദമായ സംഭവം നടന്നത്. പുളിയംകോട് പ്രിയദർശിനി നഗറിലെ പല വീടുകളിലും കയറിയിറങ്ങിയ പ്രതി താൻ ബിഷപ്പ് ഹൗസിലെ വികാരി ആണെന്നും, പാവപ്പെട്ടവർക്കും വിധവകൾക്കും മറ്റും

വീട് വയ്ക്കുന്നതിന് ബിഷപ്പ് ഹൗസിൽ നിന്ന് ധനസഹായം ഏർപ്പാടാക്കാമെന്നും, അതിനായി 7500/- രൂപയും ഐ.ഡി കാർഡും നൽകണമെന്ന് പറഞ്ഞ് പകൽ 11.30 മണിയോടു കൂടിയാണ് യുവതിയുടെ വീട്ടിൽ എത്തിയത്. യുവതിയുടെ ഭർത്താവിന്റെ സഹോദരിയ്ക്ക് ഇത്തരത്തിൽ ധനസഹായം ചെയ്യാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് നിൽക്കവെ, സഹോദരി തൊട്ടടുത്ത ബന്ധു വീട്ടിലേയ്ക്ക് പോയ തക്കം നോക്കി പ്രതി, യുവതിയുടെ കൈയ്യിൽ ധരിച്ചിരുന്ന സ്വർണ്ണ ബ്രെയ്സിലെറ്റ് പൊട്ടിച്ചെടുത്ത് ബൈക്കിൽ കടന്നു കളയുകയായിരുന്നു. തുടർന്ന് സമീപപ്രദേശങ്ങളിലെ സി.സി.റ്റി.വി ദൃശ്യങ്ങൾ പരിശോധിച്ച് നടത്തിയ അന്വേഷണത്തിലാണ് സമാന രീതിയിലുള്ള നിരവധി തട്ടിപ്പുകൾ നടത്തിയിട്ടുള്ള പ്രതി ഷിബുവാണ് കവർച്ച നടത്തിയതെന്ന് പോലീസ് കണ്ടെത്തിയത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ കഴക്കൂട്ടം സി.ഐ ബിജു, എസ്.ഐ-മാരായ വിപിൻ കുമാർ, ഗോപകുമാർ, ഷാഡോ ടീം എസ്.ഐ അരുൺ കുമാർ, സി.പി.ഒ-മാരായ ബൈജു, അൻസിൽ, അരുൺ, സുജിത്, ഷിബിൻ, ബിനു എന്നിവരും ഷാഡോ ടീം അംഗങ്ങളും അടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. നെയ്യാറ്റിൻകര, ആര്യനാട്, വെള്ളറട തുടങ്ങിയ സ്റ്റേഷൻ പരിധികളിൽ ഇയാൾക്കെതിരെ ഇത്തരത്തിൽ സ്വർണ്ണവും പണവും തട്ടിപ്പ് നടത്തിയതിന് 20-ഓളം കേസ്സുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

**കോവിഡ് സുരക്ഷാ കേസ് വിവരം**

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (06-03-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 51 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 23 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 25 പേരിൽ നിന്നും 12,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
06-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി